# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 406

02-12-2014ൽ മറുപടിക്ക്

### അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രമോഷൻ.

ചോദ്യം

ശ്രീ. മാത്യൂ റ്റി.തോമസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രമോഷൻ ലഭ്യമാക്കുവാൻ ഏതെങ്കിലും തരത്തിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ; | (എ) ഉണ്ട്. സീനിയോരിറ്റി പ്രൊട്ടക്ഷൻ ക്ലോസ്.<br><br>KSEB- യിൽ AEE തസ്തികയിലേക്ക് ബിരുധധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും യഥാക്രമം 75:25 എന്ന ക്വാട്ടാ പ്രകാരമായിരുന്നു പ്രമോഷൻ നൽകിക്കൊണ്ടിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് G.O (P) No.64/2010/WRD തീയതി 25.09.2010 പ്രകാരം, സീനിയറും യോഗ്യരുമായ ബിരുധധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർ ലഭ്യമായിരിക്കെ, ജൂനിയറായ ഡിപ്ലോമക്കാരനായ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാനക്കയറ്റത്തിന് അർഹനല്ല. 11.02.2011 ലെ ബോർഡ് ഉത്തരവ് B.O (FM) No.479/2011/CE (HRM) GENL/2/AE-AEE(E) 2011 പ്രകാരം പ്രസ്തുത നിബന്ധന KSEB യിലും പ്രാബല്യത്തിൽ വരുത്തി. KSEBL- ൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരേക്കാൾ സീനിയറായി ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരുള്ളതിനാൽ, നിലവിൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് Assistant Executive Engineer ആയി സ്ഥാനക്കയറ്റം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. |

| | |
|---|---|
| (ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ഈ വിഷയം കോടതിയുടെ പരിഗണനയിലുള്ളതാകയാൽ കോടതി വിധിക്കനുസൃതമായി മാത്രമേ ബോർഡിന് നടപടി സ്വീകരിക്കാനാവുകയുള്ളു. |

സെക്ഷൻ ഓഫീസർ